### സൂറഃ-8

# അൽ അൻഫാൽ

إِنَّ ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى
سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَوا۟ وَّنَصَرُوٓا۟ أُو۟لَٰٓئِكَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ وَٱلَّذِينَ
ءَامَنُوا۟ وَلَمْ يُهَاجِرُوا۟ مَا لَكُم مِّن وَلَٰيَتِهِم مِّن شَىْءٍ حَتَّىٰ يُهَاجِرُوا۟ ۚ
وَإِنِ ٱسْتَنصَرُوكُمْ فِى ٱلدِّينِ فَعَلَيْكُمُ ٱلنَّصْرُ إِلَّا عَلَىٰ قَوْمٍۭ بَيْنَكُمْ
وَبَيْنَهُم مِّيثَٰقٌ ۗ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٧٢﴾

**72.** സത്യവിശ്വാസം കൈക്കൊണ്ട് അതിന്റെ പേരിൽ ദേശത്യാഗം ചെയ്യേണ്ടിവന്നവരും ധനം കൊണ്ടും ദേഹം കൊണ്ടും ദൈവിക സരണിയിൽ സമരം ചെയ്തവരും ദേശത്യാഗികൾക്ക് അഭയം കൊടുക്കുകയും സഹായിക്കുകയും ചെയ്തവരുമുണ്ടല്ലോ, അവർ പരസ്പരം രക്ഷാധികാരികളാകുന്നു. സത്യവിശ്വാസികളാവുകയും എന്നാൽ വിശ്വാസം സ്ഥാപിക്കാൻ സ്വദേശം വെടിഞ്ഞ് ഇസ്‌ലാമിക സമൂഹത്തിലേക്ക് വരാതിരിക്കുകയും ചെയ്തവരോ, അവരുടെ സംരക്ഷണത്തിൽ നിങ്ങൾക്ക് യാതൊരുത്തരവാദിത്വവുമില്ല- അവർ സ്വദേശം വെടിഞ്ഞെത്തുന്നതുവരെ. പക്ഷേ, ദീനീ വിഷയത്തിൽ സഹായം തേടിയാൽ അവരെ സഹായിക്കേണ്ടത് നിങ്ങളുടെ കടമയാകുന്നു. അതുപക്ഷേ, നിങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള ഏതെങ്കിലും സമുദായത്തിന്നെതിരിലാവരുത്. നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു വീക്ഷിക്കുന്നുണ്ട്.

إِنَّ ٱلَّذِينَ ءَامَنُوٓا۟ = സത്യവിശ്വാസികളായവർ(സം കൈക്കൊണ്ട്) وَهَاجَرُوا۟ = (അതിന്റെ പേരിൽ) ദേശത്യാഗം ചെയ്ത(ചെയ്യേണ്ടി വന്ന)വരും

وَجَٰهَدُوا۟ = സമരം ചെയ്തവരും بِأَمْوَٰلِهِمْ = അവരുടെ ധനംകൊണ്ട് وَأَنفُسِهِمْ = അവരുടെ ദേഹം (ജീവൻ) കൊണ്ടും

فِى سَبِيلِ ٱللَّهِ = ദൈവിക സരണിയിൽ وَٱلَّذِينَ ءَاوَوا۟ = (ദേശത്യാഗികൾക്ക്) അഭയം കൊടുത്തവരും(ക്കുകയും)

وَّنَصَرُوٓا۟ = (സഹായിച്ചവരും(ക്കുകയും ചെയ്തവരും ഉണ്ടല്ലോ) أُو۟لَٰٓئِكَ = അവർ بَعْضُهُمْ أَوْلِيَآءُ بَعْضٍ = പരസ്പരം രക്ഷാധികാരികളാകുന്നു

وَٱلَّذِينَ ءَامَنُوا۟ = വിശ്വാസികളായ(വുകയും)വർ

وَلَمْ يُهَاجِرُوا۟ = എന്നിട്ട് ദേശത്യാഗം ചെയ്തിട്ടില്ലാത്തവർ(എന്നാൽ വിശ്വാസം സ്ഥാപിക്കാൻ സ്വദേശം വെടിഞ്ഞ് ഇസ്‌ലാമിക സമൂഹത്തിലേക്ക് വരാതിരിക്കുകയും ചെയ്തവരോ)

مَا لَكُم = നിങ്ങൾക്ക്(ഉത്തരവാദിത്വം)ഇല്ല مِّن وَلَٰيَتِهِم = അവരുടെ സംരക്ഷണത്തിൽ مِّن شَىْءٍ = യാതൊ(രു)ന്നും

حَتَّىٰ يُهَاجِرُوا۟ = അവർ സ്വദേശം വെടിയു(ഞ്ഞെത്തു)ന്നതുവരെ

وَإِنِ ٱسْتَنصَرُوكُمْ = (പക്ഷേ) അവർ നിങ്ങളോട് സഹായം തേടിയാൽ فِى ٱلدِّينِ = ദീനീ വിഷയത്തിൽ

فَعَلَيْكُمُ = അപ്പോൾ നിങ്ങളുടെ മേൽ ഉണ്ട്(കടമയാകുന്നു) ٱلنَّصْرُ = (അവരെ)സഹായിക്കൽ(ക്കേണ്ടത്)

إِلَّا عَلَىٰ قَوْمٍۭ = ഒരു ജനത്തിനെതിരിൽ ഒഴിച്ച്(അതുപക്ഷേ ഏതെങ്കിലും സമൂഹത്തിനെതിരിലാവരുത്)

بَيْنَكُمْ وَبَيْنَهُم = അവർക്കും നിങ്ങൾക്കുമിടയിലുണ്ട്(നിങ്ങളുമായി ഏർപ്പെട്ടിട്ടുള്ള) مِّيثَٰقٌ = കരാർ(റിൽ)

وَٱللَّهُ بِمَا تَعْمَلُونَ = അല്ലാഹു നിങ്ങൾ ചെയ്യുന്നതിനെ(ഒക്കെയും) بَصِيرٌ = സൂക്ഷ്മമായി കാണുന്നവനാണ്(വീക്ഷിക്കുന്നുണ്ട്)

**72:** ഇവിടം മുതൽ സൂറയുടെ ഉപസംഹാര സൂക്തങ്ങളാണ്. വിശ്വാസികളെ, വിശ്വാസ ദാർഢ്യത്തെ ആസ്പദമാക്കി നാല് അവസ്ഥയിലുള്ളവരായി ക്രമപ്പെടുത്തിക്കൊണ്ട് അവർ തമ്മിൽ ഉണ്ടായിരിക്കേണ്ട പരസ്പര ബന്ധം വിശദീകരിച്ചിരിക്കുകയാണീ സൂക്തങ്ങളിൽ. പല സ്ഥലങ്ങളിലും അവസ്ഥകളിലുമുള്ള മുസ്‌ലിം വ്യക്തികൾ തമ്മിലുള്ള ബന്ധവും ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഉസ്താദ് റശീദ് രിദയുടെ വീക്ഷണത്തിൽ ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന വിധി ഇസ്‌ലാമിക

രാഷ്ട്രത്തിന്റെ വിദേശ നയത്തിന്റെ നൈതിക സ്തംഭമാണ്.

വിശ്വാസികളുടെ നാല് അവസ്ഥകൾ ഇതാണ്: ഒന്ന്, ആദ്യ നാളുകളിൽതന്നെ ഹിജ്റയും ജിഹാദും ചെയ്തവർ. രണ്ട്, മുഹാജിറുകൾക്കഭയം കൊടുക്കുകയും സഹായിക്കുകയും ചെയ്തവർ. മൂന്ന്, പിൽക്കാലത്ത് ഹിജ്റ ചെയ്തവർ. നാല്, വിശ്വസിച്ചശേഷം ഹിജ്റ ചെയ്യുകയോ ജിഹാദിൽ ഏർപ്പെടുകയോ ചെയ്യാതെ സ്വന്തം നാട്ടിൽതന്നെ താമസിച്ചവർ. ഈ സൂക്തം അവതരിക്കുന്നതുവരെ, അല്ലെങ്കിൽ ഹുദൈബിയാ സന്ധി വരെയുള്ള കാലത്ത് ഹിജ്റ ചെയ്ത് മദീനയിലെത്തിയവരാണ് ഒന്നാമതു പറഞ്ഞ മുഹാജിറുകൾ. ആ കാലയളവിനുശേഷം എത്തിയവരാണ് ശേഷം വന്നവർ. ആദ്യമെത്തിയവർ السّابقون الأوّلون (ആദ്യം മുന്നേറിയവർ) എന്ന നിലയിൽ കൂടുതൽ ശ്രേഷ്ഠരായി ഗണിക്കപ്പെടുന്നു. ബദ്ർ സംഭവത്തെ അല്ലെങ്കിൽ ഹുദൈബിയാ സന്ധിയെത്തുടർന്ന് ഇസ്‌ലാം വിജയിക്കുമെന്ന് ഏറക്കുറെ ഉറപ്പായശേഷം ഹിജ്റ ചെയ്തവർ അവർക്കു താഴെയാണ്. എന്നാൽ മുഹാജിറുകളും മുജാഹിദുകളും അൻസ്വാറുകളുമായ എല്ലാ വിശ്വാസികളും പരസ്പര ബന്ധത്തിന്റെയും ബാധ്യതയുടെയും കാര്യത്തിൽ തുല്യരാണെന്ന ധ്വനിയാണ് സൂക്തത്തിന്റെ പദങ്ങൾ നൽകുന്നത്. വിശ്വാസദാർഢ്യത്തിന്റെയും കർമഗുണത്തിന്റെയും അളവനുസരിച്ച് ഏതു വിഭാഗത്തിൽപെട്ട വിശ്വാസികൾക്കിടയിലും ശ്രേഷ്ഠതയിലും പദവികളിലും വ്യത്യാസമുണ്ടാകും എന്നത് മറ്റൊരു കാര്യമാണ്.

വിശ്വാസികൾ തമ്മിലുള്ള ഏറ്റം ദൃഢമായ ബന്ധം ആദർശബന്ധമാണ്. ആദർശ ധീരതയും തദനുസാരമായ പ്രയത്ന സന്നദ്ധതയുമാണതിന്റെ ജീവൻ. പ്രവാചകന്റെ ഹിജ്റക്കുശേഷം ഈ ജീവൻ മക്കയിലെ വിശ്വാസികളിൽ പ്രകടമായിരുന്നത് ഹിജ്റയിലൂടെയും ജിഹാദിലൂടെയും, മദീനയിലെ വിശ്വാസികളിൽ പ്രകടമായിരുന്നത് മുഹാജിറുകൾക്കഭയം നൽകുന്നതിലൂടെയും ജിഹാദിൽ അവരുടെ സഹായികളാകുന്നതിലൂടെയുമായിരുന്നു. ഇങ്ങനെ ആദർശപരമായി ഐക്യപ്പെട്ടവർ തമ്മിലുള്ള ബന്ധം അവരുടെ അവിശ്വാസികളായ രക്തബന്ധുക്കളോടും കുടുംബാംഗങ്ങളോടുമുള്ള ബന്ധത്തെക്കാൾ ഉദാരവും ബലിഷ്ഠവുമാണ്, ആയിരിക്കണം. വിശ്വാസികൾ പരസ്പരം أَوۡلِيَآءُ ആകുന്നു എന്നാണ് പറയുന്നത്. أَوۡلِيَآءُ-ന്റെ അർഥം *ആലുഇംറാൻ, അന്നിസാഅ്, അൽമാഇദ* സൂറകളിൽ ഈ പദം വന്ന സൂക്തങ്ങൾക്കു ചുവടെ വിശദീകരിച്ചിട്ടുണ്ട്. പരസ്പരം രക്ഷിക്കാനും രക്ഷിക്കപ്പെടാനും കാര്യങ്ങൾ കൈകാര്യം ചെയ്യാനും, അവകാശവും ബാധ്യതയുമുള്ള ഉറ്റവരും ഉടയവരുമാണ് ഒരാളുടെ أَوۡلِيَآءُ. വിശ്വാസികൾ അങ്ങനെയുള്ളവരാകുന്നു എന്നു പറയുന്നത് അങ്ങനെ ആയിരിക്കണം എന്ന കൽപനയുടെ അർഥത്തിലാണ് എന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ ഏകാഭിപ്രായക്കാരാണ്.

ഇസ്‌ലാമിനു മുമ്പ് പരസ്പര ബന്ധത്തിന്റെയും സംരക്ഷണത്തിന്റെയും അടിസ്ഥാനമായിരുന്നത് ഗോത്രബോധവും കുടുംബ വികാരവുമായിരുന്നു. ഇസ്‌ലാം മദീനയിൽ കെട്ടിപ്പടുത്ത നവസമൂഹത്തിൽ പരസ്പര ബന്ധത്തിന്റെയും സഹകരണ സംരക്ഷണങ്ങളുടെയും അടിത്തറയാക്കിയത് ആദർശവും ആദർശയോഗ്യമായ നടപടിയുമാണ്. സത്യവിശ്വാസം കൈക്കൊള്ളുകയും അതിന്റെ പേരിൽ നാടുവിടുകയും ത്യാഗപരിശ്രമങ്ങളിലേർപ്പെടുകയും അങ്ങനെ നാടുവിട്ടുവന്നവർക്ക് അഭയം കൊടുക്കുകയും സഹായിക്കുകയും ചെയ്തവർ പരസ്പരം രക്ഷിക്കാനും രക്ഷിക്കപ്പെടാനും കടപ്പെട്ട ഉറ്റവരും ഉടയവരുമായി വർത്തിക്കണം. മക്കക്കാരും യഥ്‌രിബുകാരും എന്നോ, ഖുറൈശികളും ഔസ് ഖസ്റജ് ഗോത്രങ്ങളും എന്നോ പറയാതെ മുഹാജിറുകളും അവർക്ക് അഭയം നൽകിയവരും -وَهَـاجَرُواْ وَجَـٰهَدُواْ وَٱلَّذِينَ ءَاوَواْ وَّنَصَرُوٓاْ- എന്നു പറഞ്ഞത്, ഈ പുതിയ സമൂഹത്തിൽ ദേശീയവും വംശീയവുമായ അനന്യതകളെക്കാൾ പരിഗണനീയമായത് വിശ്വാസവും അതു പ്രചോദിപ്പിച്ച പ്രവർത്തനങ്ങളുമാണെന്ന് സൂചിപ്പിക്കുന്നു. കുടുംബബന്ധങ്ങളുടെ പവിത്രതയെ ഇസ്‌ലാം നിഷേധിക്കുന്നില്ല. കുടുംബബന്ധങ്ങൾ ഛേദിക്കുന്നതിനെ സത്യനിഷേധത്തോടടുത്ത തിന്മയായിട്ടാണ് ഖുർആൻ വീക്ഷിക്കുന്നത്. കുടുംബബന്ധം നിലനിർത്തുന്നതിന്റെ പ്രാധാന്യവും പുണ്യവും വിവരിക്കുന്ന നിരവധി നബിവചനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഒരാളുടെ കുടുംബം അയാളുടെ വിശ്വാസം പങ്കിടുന്നില്ലെങ്കിലും കുടുംബവുമായുള്ള ബന്ധം നിലനിർത്തുകയാണ് വേണ്ടത്. പക്ഷേ, കുടുംബം വിശ്വാസത്തെ എതിർക്കുകയും വിശ്വാസ വിരുദ്ധമായ നടപടികളിലേർപ്പെടാൻ നിർബന്ധിക്കുകയും ചെയ്താൽ വഴങ്ങാൻ പാടില്ല. അങ്ങനെ നിർബന്ധിക്കുന്നത് സ്വന്തം മാതാപിതാക്കളായാൽ പോലും.

وَإِن جَـٰهَدَاكَ عَلَىٰٓ أَن تُشۡرِكَ بِى مَا لَيۡسَ لَكَ بِهِۦ عِلۡمٌ فَلَا تُطِعۡهُمَا ۖ
وَصَاحِبۡهُمَا فِى ٱلدُّنۡيَا مَعۡرُوفًا ۖ

(മാതാപിതാക്കൾ നിനക്കറിഞ്ഞുകൂടാത്ത ബഹുദൈവങ്ങളെ ആരാധിക്കാൻ നിർബന്ധിച്ചാൽ അവർക്കു വഴങ്ങരുത്. എങ്കിലും ഭൗതിക ജീവിതത്തിൽ അവരുമായി നല്ല നിലയിൽ സഹവർത്തിക്കുക - *ലുഖ്മാൻ* 15) ഈ സഹവർത്തനം സാധ്യമല്ലാത്തവിധത്തിൽ കുടുംബത്തിൽനിന്നുള്ള സമ്മർദം മർദനത്തിന്റെയും ബഹിഷ്കരണത്തിന്റെയും രൂപം പ്രാപിക്കുമ്പോൾ വീടുവിട്ടിറങ്ങണം. നാട്ടിൽ എതിർപ്പും മർദനവും മുറുകുമ്പോൾ നാടും വിട്ടുപോകണം, അതാണ് ഹിജ്റ. മക്കയിൽ വിശ്വാസികൾക്കെതിരെ അവിശ്വാസികളുടെ മർദനം ദുസ്സഹമായപ്പോൾ അല്ലാഹു കൽപിച്ചു: يَـٰعِبَادِىَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِى وَٲسِعَةٌ فَإِيَّـٰىَ فَٱعۡبُدُونِ ﴿٥٦﴾ (എന്റെ വിശ്വാസികളായ ദാസന്മാരേ, എന്റെ ഭൂമി വിശാലമാകുന്നു. അതിനാൽ എവിടെയെങ്കിലും പോയി നിങ്ങൾ എന്നെത്തന്നെ ആരാധിക്കുക - *അൽ അൻകബൂത്ത്* 56). മരണാനന്തരം, തങ്ങൾ ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവരായിരുന്നതുകൊണ്ടാണ് സത്യം കൈക്കൊള്ളാതിരുന്നതെന്ന് പറയുന്നവരോട് മലക്കുകൾ ചോദിക്കുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു: أَلَمۡ تَكُنۡ أَرۡضُ ٱللَّهِ وَٲسِعَةً فَتُهَاجِرُواْ فِيهَا (അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, നിങ്ങൾക്ക് എങ്ങോട്ടെങ്കിലും പലായനം ചെയ്യാൻ -*അന്നിസാഅ്* 97). പലായനം ചെയ്യാനും സാധിക്കാത്തത്ര അവശരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും മാത്രമേ അത്തരം സന്ദർഭങ്ങളിൽ ഹിജ്റയുടെ ബാധ്യതയിൽനിന്ന് ഒഴിവാകൂ എന്നും തുടർന്നു പറയുന്നുണ്ട്. അനന്തരം അല്ലാഹു വാഗ്ദത്തം ചെയ്യുന്നു:

وَمَن يُهَاجِرۡ فِى سَبِيلِ ٱللَّهِ يَجِدۡ فِى ٱلۡأَرۡضِ مُرَٲغَمًا كَثِيرًا وَسَعَةً ۚ وَمَن
يَخۡرُجۡ مِنۢ بَيۡتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدۡرِكۡهُ ٱلۡمَوۡتُ فَقَدۡ
وَقَعَ أَجۡرُهُۥ عَلَى ٱللَّهِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٠٠﴾

(അല്ലാഹുവിന്റെ മാർഗത്തിൽ പലായനം ചെയ്യുന്നവന്ന് അഭയം പ്രാപിക്കാൻ ധാരാളം സ്ഥലങ്ങളും മെച്ചപ്പെട്ട ഉപജീവന സൗകര്യങ്ങളും ലഭിക്കുന്നതാകുന്നു. ഒരുവൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമുള്ള പലായകനായി സ്വവസതിയിൽനിന്നു പുറപ്പെടുകയും യാത്രാമധ്യേ മരണപ്പെടുകയും ചെയ്താൽ അല്ലാഹുവിങ്കൽ അവന്നു കർമഫലം ഉറച്ചതു തന്നെ. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു -

*അന്നിസാഅ്* 100). വിശ്വാസിയായി വീട്ടിൽ നിൽക്കാനാവില്ലെന്നുവന്നാൽ വീട്ടിൽനിന്നും, നാട്ടിൽ നിൽക്കാനാവില്ലെന്നു വന്നാൽ നാട്ടിൽനിന്നും വിശ്വാസികൾ പലായനം ചെയ്തുകൊള്ളണമെന്നും അല്ലാഹു അവരെ തുണക്കുമെന്നുമാണ് ഈ സൂക്തം പറയുന്നത്. വീട്ടിൽനിന്നു പുറത്താക്കപ്പെടുന്ന വിശ്വാസികൾക്ക് അഭയം നൽകി സഹായിക്കേണ്ടത് നാട്ടിലെ സുരക്ഷിതരായ മുസ്‌ലിംകളുടെയും നാട്ടിൽനിന്നു പുറത്താക്കപ്പെടുന്നവർക്ക് അഭയം നൽകി സഹായിക്കേണ്ടത് മറ്റു നാടുകളിലെ സുരക്ഷിതരായ വിശ്വാസികളുടെയും കടമയാണെന്നും, അവർ തമ്മിലുണ്ടായിരിക്കേണ്ടത് ഉറ്റവരും ഉടയവരും തമ്മിലുള്ള ബന്ധമാണെന്നും *അൽ അൻഫാലി*ലെ ഈ സൂക്തവും വ്യക്തമാക്കുന്നു.

ഇസ്‌ലാമിക വ്യവസ്ഥ നിലവിലുള്ള സമൂഹത്തിലേക്ക് മുഹാജിറുകളായെത്തുന്നവർക്ക് അഭയം നൽകേണ്ടത് ആ സമൂഹത്തിന്റെ ബാധ്യതയാണ്. മുഹാജിറിന്റെ സ്വദേശത്തെക്കാളും സ്വജനത്തെക്കാളും അയാൾക്കുറ്റവർ ആദർശ സഹോദരങ്ങളാണ്. തൊഴിൽ തേടിയോ വ്യാപാരാവശ്യാർഥമോ സ്വദേശം വിട്ട് മറ്റു നാട്ടിലേക്കു പോകുന്നവരും ഭാഷാർഥത്തിൽ മുഹാജിറുകളാണ്. പക്ഷേ, പരസ്പരം സംരക്ഷണോത്തരവാദിത്വമുള്ള ശർഇയായ മുഹാജിറുകളിൽ അത്തരക്കാർ ഉൾപ്പെടുകയില്ല. ഒരു മുഹാജിറിന്റെ ഹിജ്‌റയുടെ യഥാർഥ ലക്ഷ്യമെന്താണോ അതിനുവേണ്ടിയുള്ളതാണ് അയാളുടെ ഹിജ്‌റയെന്നും അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമുള്ള ഹിജ്‌റയാണ് ഇസ്‌ലാമിൽ പരിഗണനീയമായ ഹിജ്‌റയെന്നും നബി(സ) പ്രസിദ്ധമായ ഒരു ഹദീസിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

ഹിജ്‌റ അനിവാര്യമാകുന്നത് രണ്ട് അവസരങ്ങളിലാണ്. ഒന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ സത്യവിശ്വാസിയായിക്കൊണ്ട് വീട്ടിലും നാട്ടിലും ജീവിക്കാൻ സാധ്യമാകാത്ത പരിസ്ഥിതിയിൽ. ആധുനിക ലോകത്ത് ഏതാണ്ടെല്ലാ രാഷ്ട്രങ്ങളും പിന്തുടരുന്നത് അനിസ്‌ലാമിക സാമൂഹിക വ്യവസ്ഥിതിയാണെങ്കിലും അതിൽ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിലെങ്കിലും മതനിയമങ്ങളനുസരിക്കാൻ അനുവാദവുമുണ്ട്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ഭാഗമായി മതം പൂർണരൂപത്തിൽ പ്രബോധനം ചെയ്യാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഇത്തരം സമൂഹങ്ങളിൽ ജീവിക്കുന്ന വിശ്വാസികളെ സംബന്ധിച്ചേടത്തോളം ഹിജ്‌റ അപ്രസക്തമാണ്. സ്വന്തം സമൂഹം അനുവദിക്കുന്ന സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തി കഴിയുന്നത്ര ദീൻ അനുഷ്ഠിക്കുകയും അതിന്റെ ആദർശങ്ങൾ പ്രബോധനം ചെയ്യുകയും ജീവിതത്തിൽ പ്രായോഗികമാക്കി കാണിച്ചുകൊടുക്കുകയുമാണ് അവർ ചെയ്യേണ്ടത്. ഇത്തരം ചുറ്റുപാടിൽ വിശ്വാസി, അഭയം നൽകാൻ യോഗ്യതയും സന്നദ്ധതയുമുള്ള ഇസ്‌ലാമിക സമൂഹം ഉണ്ടെങ്കിൽ പോലും സ്വന്തം സമൂഹത്തെ പൂർണമായി ജാഹിലിയ്യത്തിന് ഒഴിഞ്ഞു കൊടുത്ത് അങ്ങോട്ടു പോകുന്നത് ഗുരുതരമായ അബദ്ധമാകും.

പ്രവാചകൻ ഹിജ്‌റക്കുശേഷം മദീനയിൽ ഒരു പുതിയ സമൂഹം - ഇസ്‌ലാമിക സമൂഹം - കെട്ടിപ്പടുക്കുകയായിരുന്നു. അത് മുഹാജിറുകൾക്കുള്ള അഭയകേന്ദ്രം മാത്രമായിരുന്നില്ല; അന്നത്തെ ലോകത്തിലെ ഏക മാതൃകാ ഇസ്‌ലാമിക സമൂഹവുമായിരുന്നു. കടുത്ത ജാഹിലിയ്യത്തിലധിഷ്ഠിതമായ സമൂഹങ്ങളുടെ മധ്യത്തിൽ ഉയർന്നുവരുന്ന ഈ സമൂഹത്തിന് ഒട്ടേറെ ഭീഷണികൾ നേരിടേണ്ടതുണ്ടായിരുന്നു. മക്കയിലെ ഖുറൈശികളിൽനിന്നായിരുന്നു മുഖ്യ ഭീഷണി. ഈ പരിതസ്ഥിതിയിൽ മക്കയിലെ വിശ്വാസികളോട് മദീനയിലേക്ക് ഹിജ്‌റ ചെയ്യുക എന്നാവശ്യപ്പെട്ടതിന്, മർദനങ്ങളിൽനിന്ന് രക്ഷപ്പെട്ട് ആദർശോചിതമായ ജീവിത സാഹചര്യമുള്ളേടത്തേക്ക് മാറുക എന്നതിനു പുറമെ വേറെയും സുപ്രധാനമായ മാനങ്ങളുണ്ട്. മദീനയിലെ ഇസ്‌ലാമിക സമൂഹത്തിന്റെ ജനസംഖ്യ വർധിക്കുകയും അത് പുറമെനിന്നുള്ള ആക്രമണം ചെറുത്തു തോൽപിക്കാൻ പര്യാപ്തമാം വണ്ണം ശക്തിപ്പെടുകയും ചെയ്യുക എന്നതാണതിലൊന്ന്. മക്കയിൽനിന്ന് ആളുകൾ മദീനയിൽ കുടിയേറുന്നതനുസരിച്ച് ഖുറൈശികളുടെ ആൾബലം കുറയുമെന്നതാണ് മറ്റൊന്ന്. രഹസ്യമായി ഇസ്‌ലാം സ്വീകരിച്ച് മക്കയിൽതന്നെ വസിക്കുന്നവർ, ഖുറൈശികൾ ഇസ്‌ലാമിനെതിരെ നടത്തുന്ന ആക്രമണങ്ങളിൽ പങ്കാളികളാകാൻ നിർബന്ധിതരായിരുന്നു. അബ്ബാസും(റ) മറ്റും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തത് അങ്ങനെയാണ്. പിന്നീട് മക്കയുടെ വിമോചനം എളുപ്പമാക്കാനും മക്കയിലെ വിശ്വാസികളുടെ ഹിജ്‌റ ആവശ്യമായിരുന്നു.

മക്ക ഇസ്‌ലാം വിരോധികളിൽനിന്നു വിമോചിപ്പിക്കപ്പെട്ടതോടെ ഈ മാനങ്ങളെല്ലാം അപ്രസക്തമായി. അതുകൊണ്ടാണ് 'മക്കാ വിമോചനത്തിനുശേഷം ഹിജ്‌റയില്ല'(لا هجرة بعد الفتح) എന്ന് പ്രവാചകൻ പ്രഖ്യാപിച്ചത്. മക്കാ വിമോചനത്തിനു ശേഷവും ഇസ്‌ലാമിലേക്കു വരാത്ത ഗോത്രങ്ങൾ അറേബ്യയിലുണ്ടായിരുന്നു. അവയിലൊക്കെ ഏറിയോ കുറഞ്ഞോ വിശ്വാസികളുമുണ്ടായിരുന്നു. അവരോടൊന്നും ഹിജ്‌റ കൽപിക്കുകയുണ്ടായില്ല. മക്കാ വിമോചനത്തോടെ അതിനു മുമ്പുണ്ടായിരുന്ന അവസ്ഥയിൽ വമ്പിച്ച മാറ്റംവന്നു എന്നതാണതിനു കാരണം.

അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് എന്താണെന്നും അതിന്റെ പ്രാധാന്യമെന്താണെന്നും *ഖുർആൻ ബോധനം* ഇതിനുമുമ്പ് പല സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സൂറ *അൽബഖറ* 218 നോക്കുക. മുഹാജിറുകൾക്ക് അഭയം കൊടുക്കുകയും സഹായിക്കുകയും ചെയ്തവർ എന്നതുകൊണ്ട് വിവക്ഷ മദീനാവാസികളാണ്. അൻസ്വാറുകൾ -സഹായികൾ- എന്ന പേരിലാണ് ഇവർ ചരിത്രത്തിൽ അറിയപ്പെടുന്നത്. ലോകചരിത്രത്തിൽ ആദർശ സാഹോദര്യത്തിന്റെ നിസ്തുലമായ അധ്യായം എഴുതിച്ചേർത്തവരാണ് അൻസ്വാറുകൾ. മുഹാജിറുകളായി മദീനയിലെത്തുന്നവരെ അൻസ്വാറുകൾ തങ്ങളുടെ സഹോദരന്മാരായി സ്വീകരിക്കുകയായിരുന്നു. അവർക്കിടയിൽ സാഹോദര്യം ഒരു അലങ്കാരവാക്കായിരുന്നില്ല. മുഹാജിറുകൾക്ക് കിടക്കാനിടവും പശിയടക്കാൻ ഭക്ഷണവും മാത്രമല്ല അൻസ്വാറുകൾ നൽകിയത്. തങ്ങൾക്കുള്ളതിലെല്ലാം അവർ മുഹാജിറുകളെ പങ്കാളികളാക്കി. എത്രത്തോളമെന്നാൽ ഒന്നിലധികം ഭാര്യമാരുള്ളവർ അവരിൽ ചിലരെ വിവാഹമോചനം ചെയ്ത്, തന്റെ മുഹാജിർ സഹോദരന് വിവാഹം ചെയ്തുകൊടുക്കാൻവരെ തയാറായതായി ചരിത്രം പറയുന്നു. അൻസ്വാറുകളും മുഹാജിറുകളും പരസ്പരം അനന്തരാവകാശികളായും പരിഗണിക്കപ്പെട്ടു. ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ഇബ്നു മർദവൈഹി ഉദ്ധരിക്കുന്നു: നബി(സ) മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ സാഹോദര്യബന്ധം നിശ്ചയിക്കാറുണ്ടായിരുന്നു. അങ്ങനെ ഹംസബ്നു അബ്ദിൽ മുത്തലിബും സൈദുബ്നു ഹാരിസയും തമ്മിലും ഉമറുബ്നു ഖത്താബും മുആദുബ്നു അഫ്‌റാഉം തമ്മിലും സുബൈറുബ്നു അമ്മാറും അബ്ദുല്ലാഹിബ്നു മസ്ഊദും തമ്മിലും, അബൂബക്കർ സിദ്ദീഖും ത്വൽഹബ്നു ഉബൈദുല്ലയും തമ്മിലും അബ്ദുർറഹ്‌മാനുബ്നു ഔഫും സഅ്ദുബ്നു റബീഉം തമ്മിലും തിരുമേനി സാഹോദര്യ ബന്ധമുണ്ടാക്കി. എല്ലാവരും പരസ്പരം സാഹോദര്യ ബന്ധം സ്ഥാപിക്കണമെന്ന് തിരുമേനി മറ്റു ശിഷ്യന്മാരോടും ആവശ്യപ്പെട്ടു. എന്റെ ഈ സഹോദരൻ

-അലിയ്യ്ബ്നു അബീത്വാലിബ്- പറയുന്നു: സൂറ *അൽ അൻഫാൽ* അവതരിക്കുന്നതുവരെ മുസ്‌ലിംകൾ ആ നിലയിൽ തുടർന്നു. *അൽഅഅ്റാഫി*ലെ 72-74 സൂക്തങ്ങൾ പ്രവാചകൻ സൃഷ്ടിച്ച ബന്ധങ്ങളെ ശക്തിപ്പെടുത്തിയ ഘടകങ്ങളിൽ പെടുന്നു. മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ റസൂൽ തിരുമേനി ഉണ്ടാക്കിയ ഉടമ്പടിയെ അല്ലാഹു അങ്ങനെ ഭദ്രമാക്കി. സഹോദരന്മാരായവർ പരസ്പരം അനന്തരാവകാശമെടുത്തിരുന്നു- മക്കയിൽ താമസിക്കുന്ന അവരുടെ രക്തബന്ധുക്കളെയും കുടുംബക്കാരെയും ഒഴിവാക്കിക്കൊണ്ട്. അല്ലാഹു നിശ്ചയിച്ച കാലംവരെ ആളുകൾ ഇങ്ങനെ കഴിഞ്ഞു. പിന്നെ അല്ലാഹു മറ്റൊരു സൂക്തം(*അൻഫാൽ* 74) അവതരിപ്പിച്ചു. അതോടെ മുമ്പുണ്ടായിരുന്ന സമ്പ്രദായം ദുർബലപ്പെട്ടു. ഓരോരുത്തരും അവരവരുടെ രക്തബന്ധത്തിലേക്കു മടങ്ങി. പഴയ ദായധനക്രമം നിലച്ചു.

ഈ സൂക്തം അവതരിക്കുന്നതിനു വളരെ മുമ്പുതന്നെ മുഹാജിർ -അൻസ്വാർ സാഹോദര്യബന്ധം സ്ഥാപിക്കപ്പെട്ടിരുന്നുവെന്നും, ആ ബന്ധത്തെ വിശ്വാസികളുടെ ഇസ്‌ലാമിക ബാധ്യതയായി ചൂണ്ടിക്കാണിച്ചുകൊണ്ട് ദൃഢീകരിക്കുകയാണ് ഈ സൂക്തമെന്നും ഉപരിസൂചിത നിവേദനത്തിൽനിന്നു വ്യക്തമാകുന്നു. ഈ സൂക്തത്തിൽ പരാമർശിച്ച രക്ഷാധികാര ബന്ധത്തിൽ (ولاية) ദായധനാവകാശവും ഉൾപ്പെട്ടിരുന്നു. അതായത് അൻസ്വാറുകളും മുഹാജിറുകളും മരണപ്പെട്ടാൽ, അവരുടെ സമ്പത്തിൽ മരിച്ചയാളുടെ മുഹാജിറിന്നും അൻസ്വാരിക്കും അവകാശമുണ്ടായിരുന്നു. മുഹാജിറിന്റെ മക്കയിലുള്ള ബന്ധുക്കൾക്ക് അവകാശമുണ്ടായിരുന്നതുമില്ല. മക്കാവിമോചനത്തിനു ശേഷം മക്കയും മദീനയും ഒരുപോലെ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമായപ്പോൾ ഈ വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് വിധി വന്നു. അടുത്ത 74-ാം സൂക്തത്തിൽ അതുസംബന്ധിച്ച പരാമർശം വരുന്നുണ്ട്.

ഇസ്‌ലാം സ്വീകരിച്ചശേഷം ഇസ്‌ലാമിക രാജ്യ(ദാറുൽ ഇസ്‌ലാം)ത്തേക്ക് ഹിജ്റ ചെയ്യാതെ മർദകരായ ശത്രുരാജ്യ(ദാറുൽ കുഫ്ർ)ത്തുതന്നെ വസിക്കുന്നവരോട് ദാറുൽ ഇസ്‌ലാമിലുള്ള വിശ്വാസികൾക്ക് ഇപ്പറഞ്ഞ സംരക്ഷണ ബാധ്യത ഉണ്ടായിരിക്കുന്നതല്ല എന്നാണ് وَٱلَّـذِينَ ءَامَنُـوا۟.................حَتَّىٰ يُهَاجِرُوا۟ എന്ന വാക്യത്തിൽ പറയുന്നത്. ശത്രുരാജ്യത്ത് വസിക്കുന്ന വിശ്വാസികളെ, ശത്രുക്കളുടെ പീഡനങ്ങളിൽനിന്ന് രക്ഷിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക പ്രായോഗികമല്ല എന്നതാണ് മുഖ്യകാരണം. അഥവാ ഏറ്റെടുത്താൽ അതിനെ തുടർന്ന് പലതരത്തിലുള്ള അന്താരാഷ്ട്ര പ്രശ്നങ്ങളും ഉയർന്നുവരും. കൂടാതെ ഇസ്‌ലാം വിരോധികൾക്കിടയിലുള്ള എല്ലാ വിശ്വാസികളും മദീനയിൽ ഒത്തുകൂടി ശത്രുക്കളെ ചെറുക്കുകയും ദൈവിക ഗേഹത്തെ(കഅ്ബ) ശത്രുക്കളിൽനിന്ന് മോചിപ്പിക്കാൻ ശ്രമിക്കുകയുമായിരുന്നു അന്നത്തെ ഏറ്റം പ്രധാനമായ ആവശ്യം. വിശ്വാസികൾ വിശ്വാസം ഒളിച്ചുവെച്ച് അവരവരുടെ ഗോത്രങ്ങളിൽതന്നെ തങ്ങിയാൽ ഭദ്രമായ ഒരു ഇസ്‌ലാമിക സമൂഹത്തിന്റെ സംസ്ഥാപനമോ കഅ്ബയുടെ വിമോചനമോ സാധ്യമാകുമായിരുന്നില്ല.

ശത്രുദേശത്തുള്ള വിശ്വാസികളുടെ സംരക്ഷണ ബാധ്യത ഇസ്‌ലാമിക ദേശത്തുള്ള മുസ്‌ലിംകൾക്കില്ലെങ്കിലും ശത്രുദേശത്തുള്ള സഹോദരന്മാർ സഹായം തേടിയാൽ ന്യായമായ സഹായം കഴിവിൻപടി ചെയ്തുകൊടുക്കാനുള്ള ബാധ്യത എപ്പോഴുമുണ്ട്. ഇതാണ് وَإِنِ ٱسْـتَنصَرُوكُمْ فِـى ٱلـدِّينِ فَعَلَيْـكُمُ ٱلنَّصْـرُ (ദീനീ വിഷയത്തിൽ അവർ നിങ്ങളോട് സഹായം തേടിയാൽ സഹായിക്കേണ്ടത് നിങ്ങളുടെ കടമയാകുന്നു) എന്ന വാക്യത്തിന്റെ താൽപര്യം. ഇവിടെ ദീനീവിഷയത്തിൽ(فِـى ٱلـدِّينِ) എന്നുപറഞ്ഞത് ശ്രദ്ധേയമാണ്. ദീനീവിഷയത്തിലുള്ള സഹായാർഥനയാണ് പരിഗണനീയമായിട്ടുള്ളത്. ദാറുൽ കുഫ്റിലെ മുസ്‌ലിംകൾ മതേതരമായ താൽപര്യങ്ങൾക്കുവേണ്ടി സഹായം അഭ്യർഥിച്ചാൽ മുസ്‌ലിംകളാണല്ലോ എന്ന പരിഗണനവെച്ച് സഹായിക്കാൻ ബാധ്യതയില്ല. മതേതരമായ വിഷയങ്ങളിൽ ഇതര മതവിശ്വാസികളുടെ സഹായാർഥന അർഹിക്കുന്ന പരിഗണന തന്നെയാണ് മുസ്‌ലിംകളുടെ സഹായാർഥനയും അർഹിക്കുന്നത്. ദീനീവിഷയത്തിലുള്ള സഹായങ്ങൾതന്നെ രാഷ്ട്രാന്തരീയ മര്യാദകൾക്കും ഉടമ്പടികൾക്കും എതിരായിത്തീരുന്ന തരത്തിലാവുകയുമരുത്. ഉടമ്പടികൾ- അത് വ്യക്തികൾ തമ്മിലുള്ളതാകട്ടെ, രാഷ്ട്രങ്ങൾ തമ്മിലുള്ളതാകട്ടെ- പാലിക്കുന്നതിന് എപ്പോഴും മുൻഗണന നൽകപ്പെടേണ്ടതുണ്ട്. ഹുദൈബിയാ ഉടമ്പടിയുടെ വ്യവസ്ഥക്ക് എതിരാകുമെന്നതിനാൽ, അതിനുശേഷം മക്കയിൽനിന്ന് ഹിജ്റ ചെയ്ത് മദീനയിലെത്തിയ മുസ്‌ലിംകളെ പ്രവാചകൻ സ്വീകരിക്കാൻ കൂട്ടാക്കാതെ തിരിച്ചയക്കുകയായിരുന്നു.

കരാർപാലനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയാണ് وَٱللَّـهُ بِمَا تَعْمَلُونَ بَصِيرٌ (നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹു വീക്ഷിക്കുന്നുണ്ട്) എന്ന വാക്യം. അതായത് രഹസ്യമാകട്ടെ, പരസ്യമാകട്ടെ, കരാർലംഘനത്തിന്റെ ഏതൊരു ചലനവും അല്ലാഹു അറിയാതിരിക്കുകയില്ല. എല്ലാം സൂക്ഷ്മമായി കണ്ടുകൊണ്ടിരിക്കുകയാണവൻ. ■